**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5271** **12-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തടി വ്യവസായത്തിന് കേൾവി കേട്ട നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികളൊന്നും ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത്തരത്തിൽ ഒരു നിർദ്ദേശം വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ; | (എ) | നിലമ്പൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട മയ്യന്താണിയിൽ 5 ഏക്കർ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് നിലവിലുണ്ട്. മര ഫർണിച്ചർ ഉൾപ്പെടെയുള്ള 22 വ്യവസായ സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വ്യവസായ വകുപ്പു വഴി നടപ്പിലാക്കുന്ന സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നവർക്കുള്ള വായ്പ, സബ്സിഡി ഉൾപ്പെടെയുള്ള പദ്ധതികൾ നിലമ്പൂർ മണ്ഡലത്തിലെ സംരംഭകർക്കും ലഭ്യമാക്കിയിട്ടുണ്ട്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ചന്തക്കുന്ന് ആയുർവേദ ഹോസ്പിറ്റലിനടുത്ത് വ്യവസായ വകുപ്പിന് 20 സെന്റ് സ്ഥലമുണ്ട്. ടി സ്ഥലം കരകൗശല മേഖലയിൽ മൺപാത്ര തൊഴിലാളികൾക്ക്, ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഫുഡ് പാർക്ക് നിലമ്പൂരിൽ സ്ഥാപിക്കുന്ന തിനുള്ള ഒരു അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതു പരിശോധിച്ചു വരുന്നു. |
| (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണ് വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമെന്ന് കണ്ടെത്തിയതെന്നും ഇത് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയാണോ എന്നും അറിയിക്കാമോ;പ്രസ്തുത ഭൂമിയുടെ വില്ലേജും സർവ്വേ നമ്പരുമടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഫുഡ് പാർക്ക് നിലമ്പൂരിൽ സ്ഥാപിക്കുന്നതിനു വേണ്ടി, നിലമ്പൂർ താലൂക്ക് ചുങ്കത്തറ വില്ലേജിൽ പാലുണ്ട എന്ന സ്ഥലത്ത് നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 342/95 -ൽ പ്പെട്ട 100 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഭൂമി ലഭ്യമാക്കുന്നതിന് സ്ഥലം ഉടമകളുമായി വ്യവസായ വകുപ്പ് രേഖാ മൂലം ബന്ധപ്പെട്ടിരുന്നോ; സ്ഥലം ഉടമസ്ഥർ താല്പര്യപത്രം വ്യവസായ വകുപ്പിന് | (സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ഉടമസ്ഥൻ സ്ഥലം വിട്ടു നൽകാൻ തയ്യാറാണെന്നും കോമ്പൻസേഷൻ |

| | | | |
|---|---|---|---|
| | സമർപ്പിച്ചിട്ടുണ്ടോ; സ്ഥലം ഉടമകളുടെ ഇക്കാര്യത്തിലെ താൽപ്പര്യം ആരാണ് അറിയിച്ചതെന്നും എന്താണ് താൽപ്പര്യമെന്നും അറിയിക്കാമോ; | | നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വിലകൊടുത്ത് വാങ്ങാനാണോ അതോ പി.പി.പി. മോഡലിൽ ലഭ്യമാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; നിലമ്പൂരിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കുമോ; ഇതിനുള്ള ഫണ്ട് കിഫ്ബി-യിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുമോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇത് സംബന്ധിച്ച് അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിൽ വിശദമായ പദ്ധതിരേഖ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ